www.manoramaonline.com/cgi-bin/MMOnline.dll/portal/ep/malayalamContentView.do?contentId=184843

മലയാള മനോരമ
Updated Tuesday, March 03, 2015 10:40 AM IST



# തർക്കങ്ങളിൽ കുരുങ്ങി നീര ഉൽപാദനവും വിപണനവും

- സ്വന്തം ലേഖകൻ



തിരുവനന്തപുരം● നീരയെച്ചൊല്ലി കൃഷി, എക്സൈസ് വകുപ്പുകൾ തമ്മിൽ തർക്കത്തിന് വീര്യം കൂടുന്നു. തെങ്ങുള്ളവർക്കെല്ലാം നീര ചെത്താൻ അനുമതി നൽകണമെന്ന നിലപാടുമായി കൃഷിമന്ത്രി രംഗത്തെത്തി. നീരപദ്ധതി എക്സൈസ് വകുപ്പ് ഏകപക്ഷീയമായി നടപ്പാക്കിയെന്നാണ് മന്ത്രിയുടെ നിലപാട്. നീര ബോർഡ് നിർദേശിക്കുന്നവർക്ക് മാത്രം ലൈസൻസ് എന്ന കൃഷിവകുപ്പിന്റെ നിർദേശം തള്ളി എക്സൈസ് വകുപ്പ് കേര കർഷക ഫെഡറേഷനുകൾക്ക് മാത്രം ലൈസൻസ് നൽകിയതാണ് മന്ത്രിയെ പ്രകോപിപ്പിച്ചത്.

കേര കർഷകർക്ക് കോടികളുടെ വരുമാനം നേടിക്കൊടുക്കുമെന്ന് ഉറപ്പുള്ള നീര പദ്ധതി അനിശ്ചിതത്വത്തിലായത് എക്സൈസ്, കൃഷി വകുപ്പുകൾ തമ്മിലുള്ള ഭിന്നത മൂലമാണ്. എക്സൈസ് വകുപ്പ് നൽകിയ ലൈസൻസുകളെല്ലാം റദ്ദാക്കണമെന്നാണ് കൃഷിമന്ത്രിയുടെ നിലപാട്. നീര യൂണിറ്റുകൾക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 15 കോടിയുടെ സഹായം ലക്ഷ്യമിട്ടാണ് എതിർപ്പുകൾ.

കേന്ദ്രസർക്കാരിന്റെ കീഴിലുള്ള നാളികേര വികസന ബോർഡിൽ റജിസ്റ്റർ ചെയ്തിട്ടുള്ള 178 കേര കർഷക ഫെഡറേഷനുകൾക്കാണ് നീര ഉൽപാദിപ്പിക്കാൻ എക്സൈസ് വകുപ്പ് ലൈസൻസ് നൽകിയത്. ഫെഡറേഷനുകൾ ചേർന്ന് 16 കമ്പനികൾ രൂപീകരിക്കുകയും മൈനാഗപ്പള്ളിയിലെ കമ്പനി നീര ഉൽപാദിപ്പിച്ച് തുടങ്ങുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് ലൈസൻസ് നൽകിയതിനെതിരെ കൃഷി മന്ത്രി കെ.പി. മോഹനൻ രംഗത്ത് വന്നത്.

നീര ബോർഡ് നിർദേശിക്കുന്നവർക്ക് മാത്രമേ നീര ഉൽപാദനത്തിന് അനുമതി നൽകാവുവെന്നും നിലവിലുള്ള ലൈസൻസുകൾ മുഴുവൻ റദ്ദാക്കണമെന്നുമാണ് കൃഷിമന്ത്രിയുടെ ആവശ്യം. ഇതെചൊല്ലി മന്ത്രിസഭാ യോഗത്തിൽ എക്സൈസ് മന്ത്രിയും കൃഷി മന്ത്രിയും തമ്മിൽ വാക്കേറ്റം വരെയുണ്ടായി. കൃഷിവകുപ്പിന് കീഴിൽ പൂട്ടിക്കിടന്ന നാളികേര വികസന കോർപറേഷൻ മന്ത്രി ഇടപെട്ട് പുനരുജ്ജീവിപ്പിച്ചത് സർക്കാർ നീരയ്ക്ക് പ്രഖ്യാപിച്ച 15 കോടിയുടെ സാമ്പത്തിക സഹായം തട്ടിയെടുക്കാനാണെന്നും ആക്ഷേപം ഉയർന്നു.

കൃഷി മന്ത്രിയുടെ സമ്മർദ്ദങ്ങൾക്ക് മുൻപിൽ വഴങ്ങിയ സർക്കാർ മുഴുവൻ ലൈസൻസും മരവിപ്പിക്കാൻ തീരുമാനിച്ചെങ്കിലും പ്രായോഗികമല്ലെന്ന് കണ്ട് ഉപേക്ഷിച്ചു. എന്നാൽ ഫെഡറേഷനുകൾക്ക് ലൈസൻസ് കൊടുത്ത തീരുമാനവുമായി മുന്നോട്ടുപോകുമെന്നാണ് എക്സൈസ് മന്ത്രിയുടെ നിലപാട്. അതിന് അനുവദിക്കില്ലെന്ന് കെ.പി. മോഹനനും നിലപാടെടുത്തതോടെ നീര ലൈസൻസ് സർക്കാരിന് തന്നെ തലവേദനയായിരിക്കുകയാണ്.